# പ്രവർത്തകരോട്

**ഹൽഖാ അമീർ**

**വിശുദ്ധ** റമദാനും ഈദുൽ ഫിത്വ്‌റും നമ്മോട് വിടപറഞ്ഞു. ത്യാഗത്തിന്റെയും തഖ്‌വയുടെയും ദിനരാത്രങ്ങൾക്ക് സാക്ഷിയാകാനായത് അല്ലാഹു നമുക്ക് നൽകിയ വലിയ അനുഗ്രഹമാണ്. ആത്മീയമായ കരുത്തും, കർമസജ്ജരാകുന്നതിനുള്ള ആവേശവും ആത്മവിശ്വാസവും ഉത്സാഹവുമാണ് റമദാനിലൂടെ സിദ്ധിച്ചിട്ടുള്ളത്. ഇവയെല്ലാം റമദാനിൽ തന്നെ അവസാനിപ്പിക്കേണ്ടതല്ല. ശിഷ്ടകാലത്ത് ഉപയോഗപ്രദമാവുന്ന വിധത്തിൽ കർമപദ്ധതികൾ ആവിഷ്കരിക്കാൻ ഇസ്‌ലാമിക പ്രവർത്തകർ ബാധ്യസ്ഥരാണ്.

ആഹ്ലാദത്തോടെയാണ് നാം റമദാനെ വരവേറ്റത്. നോമ്പുകാരന് രണ്ടു സന്തോഷമുള്ളതായി നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അതിലൊന്ന് നോമ്പുതുറക്കുന്ന വേളയിൽ അനുഭവപ്പെടുന്നതാണ്. രണ്ടാമത്തെ സന്തോഷം ലഭ്യമാവുന്നത് അല്ലാഹുവിനെ കണ്ടുമുട്ടുന്ന അവസരത്തിലാണ്. അതിനായി കാത്തിരിക്കുന്നവരാണ് ഇസ്‌ലാമിക പ്രവർത്തകർ. നോമ്പു തുറക്കുന്ന വേളയിലെ നമ്മുടെ പ്രാർഥനയിലെ വരികൾ വളരെ അർഥവത്താണ്; 'ദാഹം ശമിച്ചു, ഞരമ്പുകൾ നനഞ്ഞു, അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി.' പ്രാർഥനയും പ്രയത്നവും ഒന്നിപ്പിക്കുന്നവർക്ക് മാത്രമാണ് അല്ലാഹുവിന്റെ മഹത്തായ പ്രതിഫലവും സാമീപ്യവും ലഭിക്കുക.

കർമങ്ങൾ അധികരിപ്പിച്ചുകൊണ്ടാണ് നാം വിശുദ്ധ റമദാനെ ധന്യമാക്കിയത്. ആരാധനകൾ, ഖുർആൻ പാരായണം, ദീനീപഠനം എന്നിവ നിർവഹിക്കുന്നതോടൊപ്പം തന്നെ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും ദുർബലരെ സഹായിക്കുന്നതിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിക പ്രവർത്തകർ കാണിച്ച ശ്രദ്ധ ഏറെ സന്തോഷമുളവാക്കുന്നതാണ്. റമദാന്റെ സന്ദേശം കേരളത്തിലെ ജനങ്ങൾക്ക് പരിചയപ്പെടുത്താനും, അകന്നുകൊണ്ടിരിക്കുന്ന മനസ്സുകളിൽ ഇണക്കമുണ്ടാക്കാനും നാം ഒരുക്കിയ ഇഫ്ത്വാറുകൾ ശ്രദ്ധേയമായിരുന്നു. റമദാനിൽ ലഭിച്ച കരുത്ത് ജനങ്ങൾക്കിടയിൽ പ്രവർത്തനസജ്ജമാകുന്നതിന് നമുക്ക് പ്രചോദനമേകേണ്ടതുണ്ട്. ലോകജനതയുടെ മാർഗദർശനത്തിനും മോചനത്തിനും പ്രപഞ്ചസ്രഷ്ടാവ് സമ്മാനിച്ച വിശുദ്ധ ഖുർആൻ ലഭിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുകയാണല്ലോ റമദാനിലും ഈദുൽ ഫിത്വ്‌റിലും നാം ചെയ്തത്. വിശുദ്ധ ഖുർആൻ ജീവിതത്തിൽ പകർത്തി ഖുർആനിക സന്ദേശങ്ങളുടെ ജീവിക്കുന്ന മാതൃകകളാകാനാണ് ഇസ്‌ലാമിക പ്രവർത്തകർ പരിശ്രമിക്കേണ്ടത്. വ്രതത്തിലൂടെ നേടിയെടുത്ത ഉയർന്ന സംസ്കാരവും ജീവിതവിശുദ്ധിയും ആയുസ്സിലുട നീളം മുറുകെ പിടിക്കാൻ നാം ബദ്ധശ്രദ്ധരാവണം. വ്യക്തിജീവിതത്തിന്റെ തിളക്കമാണ് സാമൂഹികമുന്നേറ്റത്തിന്റെ ചാലകശക്തിയാകുന്നത്.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പുതിയ പ്രവർത്തന കാലയളവിലേക്കുള്ള (2007–2011) ആഭ്യന്തര സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് സാധിച്ചിട്ടുണ്ട്. ഇഖാമത്തുദ്ദീനിന്റെ മാർഗത്തിൽ നാം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചതുർവർഷ പ്രവർത്തനപദ്ധതിയും രീതിയും എല്ലാ പ്രവർത്തകരുടെയും മുമ്പിൽ അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ചിട്ടയായ ആസൂത്രണത്തിനും വ്യവസ്ഥാപിതമായ മേൽനോട്ടത്തിനും പ്രാദേശിക തലം മുതൽ സംസ്ഥാന–കേന്ദ്രതലം വരെയുള്ള നേതൃസംവിധാനങ്ങളും സമിതികളും കാര്യക്ഷമവും ഭദ്രവുമായിട്ടുണ്ട്. ഇവ കൊണ്ടുമാത്രം പ്രസ്ഥാനം ചലനാത്മകമാകുമെന്ന് നാം കരുതുന്നില്ല. പ്രവർത്തകരുടെ മനസ്സും ശരീരവും ഈ സംവിധാനങ്ങളുമായി ഇഴുകിച്ചേരുമ്പോൾ മാത്രമേ നമുക്ക് വിജയിക്കാനാവുകയുള്ളൂ. വിശുദ്ധ റമദാനിൽ നാം ഹൃദയത്തിലേറ്റിയ പ്രവർത്തന മാതൃക ഇനിയുള്ള അവസരത്തിലും നിലനിർത്താൻ കഴിഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് വിജയിക്കാനാകും.

പുതിയ പോളിസി–പ്രോഗ്രാം പ്രവർത്തകർ ശ്രദ്ധാപൂർവം വായിച്ചിരിക്കുമെന്ന് വിശ്വസിക്കുന്നു. അടുത്ത നാലു വർഷത്തിനുള്ളിൽ നാം നേടിയെടുക്കേണ്ട ചില ലക്ഷ്യങ്ങൾ അവ ഊന്നിപ്പറയുന്നുണ്ട്. നമ്മുടെ കർമപരിപാടികളെല്ലാം തന്നെ അതിന് സഹായകമാവുന്ന വിധത്തിലാണ് തയാറാക്കിയിട്ടുള്ളത്. നമ്മുടെ അടിസ്ഥാനങ്ങൾ പ്രവർത്തകർ മനസ്സിലാക്കുകയും, കൃത്യമായി കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും, കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ ലക്ഷ്യസ്ഥാനങ്ങളിൽ എത്താൻ സാധിക്കുകയുള്ളൂ.

പ്രദേശങ്ങളിലേക്കുള്ള ശ്രദ്ധയും വ്യക്തികളുടെ വളർച്ചയും പുതിയ പ്രവർത്തന കാലയളവിലെ പ്രത്യേകതകളായി നാം അംഗീകരിച്ചിട്ടുള്ളതാണ്. ഓരോ പ്രവർത്തകവൃത്തവും തങ്ങളുടെ പരിസരങ്ങൾക്ക് പരിപാടികളിൽ മുൻഗണനകൾ നൽകേണ്ടത് അനിവാര്യമാണ്. പ്രദേശങ്ങളിലെ എല്ലാ വിഭാഗം ജനങ്ങളുമായും നമുക്ക് ഊഷ്മളമായ ബന്ധം ഉണ്ടാകണം. പ്രവർത്തകർ എല്ലായ്പ്പോഴും നിന്നിടത്ത് നിൽക്കുന്നതിനു പകരം ഒരു ചുവട് മുന്നേറാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ദീനീവിജ്ഞാനം, പ്രസ്ഥാനപ്രതിബദ്ധത, പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവയിൽ പുരോഗതി കൈവരിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണം.

അല്ലാഹുവിന്റെ കൽപനപ്രകാരം കഅ്ബാ മന്ദിരം നിർമിച്ചതിനുശേഷം ഇബ്റാഹീം നബി(അ)യും മകൻ ഇസ്മാഈൽ നബി(അ)യും നടത്തിയ പ്രാർഥന ശ്രദ്ധേയമാണ്: 'ഓർക്കുക ഈ മന്ദിരത്തിന്റെ ഭിത്തികൾ പടുത്തുയർത്തവെ ഇബ്റാഹീമും ഇസ്മാഈലും പ്രാർഥിച്ചുകൊണ്ടിരുന്നു: ഞങ്ങളുടെ നാഥാ, ഞങ്ങളിൽനിന്നും ഈ എളിയ കർമം നീ കൈക്കൊള്ളേണമേ! സകലരിൽനിന്നും കേൾക്കുന്നവനും സകലതുമറിയുന്നവനുമല്ലോ നീ' (*അൽബഖറ:* 127). പ്രാർഥനയാണ് നമ്മുടെ പ്രവർത്തനങ്ങളുടെ അസ്തിവാരമെന്ന കാര്യം പ്രവർത്തകർ മനസ്സിലുറപ്പിക്കേണ്ടതാണ്. പ്രാർഥനയിലാണ് പ്രവർത്തനങ്ങളുടെ വിജയവും. ●